# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 819 29.09.2016- ൽ മറുപടിക്ക്

### അദ്ധ്യാപക നിയമനാംഗീകാരം സംബന്ധിച്ച്

| ചോദ്യം<br>ശ്രീ. സി.മമ്മൂട്ടി | | മറുപടി<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം നെല്ലിമൂട് ന്യൂ ഹയർസെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ അദ്ധ്യാപകനായിരുന്ന ശ്രീ.വി.എസ്. ഹരിയെ അതേ സ്കൂളിലെ റിട്ടയർമെന്റ് വേക്കൻസിയിൽ ഹയർസെക്കന്ററി ( സംസ്കൃതം ) അദ്ധ്യാപക നായി നിയമിച്ച വിവരം സ്കൂൾ മാനേജർ തിരുവനന്തപുരം റീജിനൽ ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ച കത്ത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത കത്ത് ലഭിച്ചത് ; | (എ) | നിയമനാധികാരിയായ മാനേജർ നേരിട്ട് റീജിനൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ അറിയിച്ചിട്ടില്ലായെന്നും, പകരം 11/06/2015 ലെ പ്രിൻസിപ്പാളിന്റെ 30/2015 എന്ന കത്ത് മുഖേന അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | കത്ത് ലഭിച്ച ശേഷം എന്നാണ് പ്രസ്തുത അദ്ധ്യാപകന്റെ നിയമനാംഗീകാരം നിരസിച്ചു കൊണ്ട് റീജിനൽ ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവിട്ടത്; നിരസിച്ചതിന് എന്തു കാരണമാണ് ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നത് ; | (ബി) | 19/03/2016 നാണ് ഉത്തരവിട്ടത്. സ്പെഷ്യൽ റൂൾസ് പ്രകാരം സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയില്ലാതെയുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ കഴിയില്ല. |
| (സി) | മേൽപ്പറഞ്ഞ പ്രകാരം നിയമനാംഗീകാരം നിഷേധിച്ചതിനാൽ ശ്രീ.വി.എസ്. ഹരിക്ക് ഉണ്ടായിട്ടുള്ള സർവ്വീസ് ബ്രേക്കും ചെയ്ത ജോലിയ്ക്കുള്ള ശമ്പള ആനുകൂല്യ നഷ്ടവും എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദീകരിക്കാമോ ; | (സി) | സ്പെഷ്യൽ റൂൾസിലെ ചട്ടങ്ങൾക്ക് അനുസൃതമല്ലാതെ നടത്തിയ നിയമനങ്ങൾക്ക് നിയമനാധികാരിയായ മാനേജരാണ് ഉത്തരവാദി. ഇക്കാര്യം സമ്മതിച്ചുകൊണ്ട് മാനേജർ സത്യവാങ്മൂലം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിനാൽ അദ്ധ്യാപകന് ഉണ്ടായിട്ടുള്ള കഷ്ട നഷ്ടങ്ങൾക്കുള്ള ഉത്തരവാദിത്വം മാനേജർക്കാണ്. |
| (ഡി) | മേൽ അദ്ധ്യാപകനുണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | |

സെക്ഷൻ ഓഫീസർ